# കൂടുതൽ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു: കോടിയേരി

**ചെങ്ങന്നൂർ**

കേരളത്തിലുണ്ടായ പ്രളയക്കെടുതിയിൽ കേന്ദ്രസർക്കാർ കൂടുതൽ സഹായം നൽകുമെന്നാണ് പ്രതീക്ഷയെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

ചെങ്ങന്നൂർ ഐഎച്ച്ആർഡി എൻജിനിയറിങ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇതിനകം 600 കോടി കേന്ദ്രം അനുവദിച്ചുണ്ട്. 2000 കോടിയാണ് അടിയന്തര ആവശ്യം. ഇത് കിട്ടാനായി ഒന്നിച്ച് കേന്ദ്രത്തിൽ സമ്മർദം ചെലുത്തും. കുറ്റപ്പെടുത്തേണ്ട ഘട്ടമല്ലിത്- അദ്ദേഹം പറഞ്ഞു.



ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ ദുരിതാശ്വാസ ക്യാമ്പ് സിപിഐ എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ സന്ദർശിച്ചപ്പോൾ

Desabhimani

**21 August 2018**

**Chengalloor, Flood Calamity, After Flood, Relief Fund**